# Malayala Manorama

# 19 August 2018

# Kochi, Camp Building Collapsed

## ക്യാംപ് കെട്ടിടം തകർന്നു; 6 മരണമെന്ന് സൂചന

കൊച്ചി • പ്രളയം ഭയന്ന് ആളുകൾ അഭയം തേടിയ നെടുമ്പാശേരി നോർത്ത് കുത്തിയതോട് സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയോടു ചേർന്ന കെട്ടിടത്തിന്റെ ഭിത്തി ഇടിഞ്ഞു വീണ് ആറുപേർ മരിച്ചെന്നാണു വിവരമെന്നു പറവൂർ എംഎൽഎ വി.ഡി. സതീശൻ.

16നു രാത്രിയാണ് അപകടമുണ്ടായതെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. അതേസമയം, അപകടത്തെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഔദ്യോഗിക സ്ഥിരീകരണമില്ല.

ഇടിഞ്ഞു വീണ കെട്ടിടത്തിന്റെ സമീപം വെള്ളക്കെട്ടു മൂലം രക്ഷാ പ്രവർത്തനത്തിനു കഴിഞ്ഞിട്ടില്ല. മരിച്ചെന്നു കരുതുന്നവരുടെ പേരു വിവരം പൊലീസിനു ലഭിച്ചെങ്കിലും പരിസരത്തെ മുഴുവൻ ക്യാംപുകളിലും പരിശോധന നടത്തിയതിനു ശേഷമേ മരണം ഔദ്യോഗികമായി സ്ഥിരീകരിക്കുകയുള്ളൂ.

കൊടുങ്ങല്ലൂർ കായലിൽ ഒരു അജ്ഞാത മൃതദേഹം കണ്ടതായി രക്ഷാപ്രവർത്തനത്തിനിറങ്ങിയ നാട്ടുകാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.